കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - ജുവനൈൽ ജസ്റ്റിസ് (കെയർ ആൻറ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) അമൻറ്മെൻറ് ആക്ട്, 2006 - ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്കുവേണ്ടി നടത്തുന്ന എല്ലാ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സ.ഉ(എം.എസ്) നം.12/2010/സാക്ഷേവ　　　　തീയതി, തിരുവനന്തപുരം, 11.02.2010.

---

പരാമർശം : 1) 22.01.2008-ലെ സ.ഉ. (എം.എസ്) നം.7/2008/സാക്ഷേവ നമ്പർ ഉത്തരവ്.
2) ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാൻ 06.09.2009ൽ സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

കേരള ജുവനൈൽ ജസ്റ്റിസ് (കെയർ ആൻറ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) റൂൾസ്, 2003ൽ ഭേദഗതി ഉണ്ടാകുന്നതുവരെ, ജുവനൈൽ ജസ്റ്റിസ് (കെയർ ആൻറ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) അമൻറ്മെൻറ് ആക്ട്, 2006-ലെ സെക്ഷൻ-19 അനുസരിച്ച് ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കുവേണ്ടി സംസ്ഥാനത്ത് സർക്കാർ നേരിട്ടു നടത്തുന്നതോ സന്നദ്ധ സംഘടനകൾ നടത്തുന്നതോ ആയ എല്ലാവിധ സ്ഥാപനങ്ങളും അതാത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ മുമ്പാകെ രജിസ്റ്റർ ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയ സ്ഥാപനങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിലെ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ മുമ്പാകെ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ എന്നതു സംബന്ധിച്ച് സൂചന രണ്ട് പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാൻ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

3. പ്രസ്തുത സാഹചര്യത്തിൽ ജുവനൈൽ ജസ്റ്റിസ് (കെയർ ആൻറ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) അമന്റ്മെന്റ് ആക്ട്, 2006-ലെ സെക്ഷൻ-19 അനുസരിച്ചുള്ള ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾ മാത്രം ഈ ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്താൽ മതി എന്ന് സ്പഷ്ടീകരണം നല്കുന്നു. മറ്റു കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾ Orphanage and other Charitable Home (Supervision and Control) Act, 1960-ന്റെ അംഗീകാരം നേടിയിട്ടുണ്ടെങ്കിൽ വീണ്ടും ജെ.ജെ. ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ടതില്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ. ഉഷാ ടൈറ്റസ്,**
സെക്രട്ടറി.

സാമൂഹ്യ ക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ/
ജില്ലാ പ്രൊബേഷൻ ഓഫീസർമാർ/
എല്ലാ ചൈൽഡ് ഡെവലപ്പ്മെന്റ് ഓഫീസർമാർ (സിഡിപിഒ)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.

(സാമൂഹ്യക്ഷേമ ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

പകർപ്പ്: i) ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രിയുടെ പി.എസ്.

ii) സാമൂഹ്യക്ഷേമ വകുപ്പു സെക്രട്ടറിയുടെ സി.എ.

iii) 22/1/2008-ലെ ജി.ഒ. (എം.എസ്) നം.7/2008/സാക്ഷേവ നമ്പർ തീർപ്പ് ഫയലിലേക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് നം. PDSC-2/33264/06 തീയതി 12-3-10

ഉത്തരവിന്റെ പകർപ്പ് അറിയിപ്പിലേക്കും മേൽ നടപടികൾക്കുമായി എല്ലാ കീഴ് കാര്യാലയങ്ങളിലേക്കും അയയ്ക്കുന്നു.

സാമൂഹ്യക്ഷേമ ഡയറക്ടർക്കുവേണ്ടി